പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3708 — 15.7.2015 ലെ മറുപടിയ്ക്ക്

## വിനോദസഞ്ചാര കേന്ദ്രങ്ങൾ

| ചോദ്യം<br>ശ്രീ.പി.സി.ജോർജ്ജ് | | ഉത്തരം<br>ശ്രീ. എ.പി.അനിൽ കുമാർ, പട്ടികജാതി പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ മന്ത്രി | |
|---|---|---|---|
| എ) | കേരളത്തിൽ വിനോദസഞ്ചാരികൾ എത്തുന്ന എത്ര വിനോദ സഞ്ചാരസ്ഥലങ്ങൾ ഉണ്ടെന്നാണ് കണക്ക്; ഇവ എവിടെയൊക്കെ; ഏതൊക്കെയെന്ന് വിവരിയ്ക്കുമോ; | എ) | കേരളത്തിൽ പ്രധാനമായും 44 ടൂറിസം ഡെസ്റ്റിനേഷനുകളാണുള്ളത്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| ബി) | ഈ വിനോദസഞ്ചാരകേന്ദ്രങ്ങൾ ഏതെങ്കിലും തരത്തിൽ ഗ്രേഡ് തിരിച്ച് അറിയപ്പെടുന്നുണ്ടോ; എങ്കിൽവിശദമാക്കുമോ; | ബി) | വിനോദസഞ്ചാര കേന്ദ്രങ്ങളെ പ്രത്യേകമായി ഗ്രേഡ് തിരിച്ചിട്ടില്ല. |
| സി) | കേരളത്തിലുള്ള പല വിനോദ സഞ്ചാര കേന്ദ്രങ്ങളും നിലവാരം കുറഞ്ഞതും വൃത്തിഹീനവുമാണെന്നുള്ള കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; എങ്കിൽ ഇതിനെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; അല്ലെങ്കിൽ എന്തെല്ലാം നടപടികൾ സ്വീകരിയ്ക്കുമെന്ന് വിശദമാക്കുമോ; | സി) | വിനോദ സഞ്ചാര മേഖലയിലെ സമഗ്ര ശുചീകരണം ലക്ഷ്യമിട്ടുകൊണ്ട് ശുചീകരണ പ്രവർത്തനങ്ങൾക്കായി കുടുംബശ്രീ പ്രവർത്തകരെ ഉൾപ്പെടുത്തികൊണ്ട് അതാത് ഡി.റ്റി.പി.സികൾ മുഖാന്തിരം "Clean Destination Campaign " എന്ന പദ്ധതി നടപ്പിലാക്കുന്നുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ചുകൊണ്ട് ഏതാനും ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകളിൽ ശുചീകരണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകളിലെ ശുചിത്വം ഉറപ്പു വരുത്തുന്നത് സംബന്ധിച്ച് ഡി.റ്റി.പി.സി തലങ്ങളിൽ പ്രചാരണങ്ങൾ നടത്തുന്നതിനുള്ള നടപടികൾ കൈക്കൊണ്ടു വരുന്നു. |
| ഡി) | വാഗമൺ എന്ന വിനോദസഞ്ചാര കേന്ദ്രത്തിന്റെ വികസനത്തിനായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷംഎന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ ഇതിനെക്കുറിച്ച് വിവരിയ്ക്കുമോ? | ഡി) | വാഗമൺ വിനോദ സഞ്ചാര കേന്ദ്രത്തിന്റെ വികസനത്തിനായി ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം അഡ്വഞ്ചർ ടൂറിസവുമായി ബന്ധപ്പെട്ടിട്ടുള്ള പ്രവർത്തനങ്ങൾ ഇടുക്കി ഡി.റ്റി.പി.സിയും, ഡി.എം.സിയും സംയുക്തമായി ആരംഭിച്ചിട്ടുണ്ട്. കൂടാതെ വാഗമൺ അഡ്വഞ്ചർ കാർണിവലും സംഘടിപ്പിച്ചു വരുന്നു. ഈ സർക്കാരിന്റെ കാലത്ത് 2.72 കോടി രൂപ മുതൽ മുടക്കുള്ള വാഗമൺ ടൂറിസ്റ്റ് കോംപ്ലക്സിന്റെ ഉദ്ഘാടനം നടത്തുകയുണ്ടായി. കൂടാതെ 2014-15 സാമ്പത്തിക വർഷത്തിൽ 50 കോടി രൂപ അടങ്കൽ തുക വരുന്ന വാഗമൺ – തേക്കടി മെഗാ സർക്യൂട്ട് എന്ന പദ്ധതി കേന്ദ്ര ധനസഹായത്തിനായി സമർപ്പിച്ചിട്ടുണ്ട്. ആയതിന്റെ അന്തിമാനുമതി ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

09-07-2009-ലെ സർക്കാർ ഉത്തരവ് G.O.(Rt.) No. 1030/09/TSM പ്രകാരം കേരളത്തിലെ 44 പ്രധാന ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകൾ തിരഞ്ഞെടുത്തിട്ടുണ്ട്. ഇവ താഴെ പറയുന്നവയാണ്.

1. തിരുവനന്തപുരം സിറ്റി
2. കോവളം
3. പൊന്മുടി
4. വർക്കല
5. കൊല്ലം - കൊല്ലം ബീച്ച്, മുണ്ടക്കൽ ബീച്ച്, ആലുംകടവ്, മൺറോ തുരുത്ത്, പരവൂർ തെക്കുംഭാഗം
6. കുമരകം
7. തേക്കടി
8. മൂന്നാർ, കൂപ്പൻപാറ, പരുന്തു പാറ, തൊമ്മൻകുത്ത്
9. ആലപ്പുഴ
10. കൊച്ചി സിറ്റി
11. കാലടി
12. ഗുരുവായൂർ
13. കോഴിക്കോട് സിറ്റി
14. കാപ്പാട്
15. ബേക്കൽ
16. പറമ്പിക്കുളം
17. നെല്ലിയാമ്പതി
18. മലമ്പുഴ
19. വയനാട്
20. കടലുണ്ടി നഗരം
21. നിലമ്പൂർ
22. തെന്മല-പാലരുവി
23. മുഴുപ്പിലങ്ങാട്-കണ്ണൂർ
24. ആലുവ
25. വാഗമൺ
26. ആതിരപ്പള്ളി
27. എരുമേലി

28. പറവൂർ

29. പൂവാർ, തിരുവനന്തപുരം

30. മരട്, എറണാകുളം

31. കുട്ടനാട്, ആലപ്പുഴ

32. ചെറായി ബീച്ച്, എറണാകുളം

33. ചാലക്കുടി ആതിരപ്പള്ളി സെക്ടർ, തൃശ്ശൂർ

34. പെരുവണ്ണാമൂഴി, കോഴിക്കോട്

35. കക്കയം, കോഴിക്കോട്

36. തുഷാരഗിരി, കോഴിക്കോട്

37. മീൻകുന്ന്/പയ്യാമ്പലം- കണ്ണൂർ

38. കൊടികുത്തിമല-മലപ്പുറം

39. ഇരിങ്ങൽ-കോട്ടക്കൽ-കോഴിക്കോട്

40. പറശ്ശിനിക്കടവ്- കണ്ണൂർ

41. ഭൂതത്താൻകെട്ട്-എറണാകുളം

42. ആറന്മുള, പത്തനംതിട്ട

43. ഫോർട്ട് കൊച്ചി, എറണാകുളം

44. ചാവക്കാട് - തൃശ്ശൂർ